## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7964 16.7.2014- ലെ മറുപടിക്ക്

### പെട്രോളിയം ഉത്പന്നങ്ങളുടെ സംസ്ഥാന നികുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) പെട്രോളിനും, ഡീസലിനും പാചകവാതകത്തിനും ഇപ്പോൾ സംസ്ഥാന സർക്കാർ എത്ര ശതമാനമാണ് നികുതി ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) പെട്രോളിന് 26.21 ശതമാനവും ഡീസലിന് 19.8 ശതമാനവുമാണ് നിലവിലുള്ള നികുതി നിരക്ക്. ഗാർഹിക ഉപയോഗത്തിനുള്ള പാചകവാതകത്തിന് 5 ശതമാനവും അല്ലാത്തവയ്ക്ക് 14.5 ശതമാനുവമാണ് നിലവിലുള്ള നികുതി നിരക്ക്. |
| (ബി) കേന്ദ്ര സർക്കാർ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ നികുതി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പെട്രോൾ, ഡീസൽ എന്നിവയുടെ അടിസ്ഥാനവിലയിൽ വർദ്ധനവ് ഉണ്ടായപ്പോൾ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി വർദ്ധനവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിച്ചുകൊണ്ട് അനേകം തവണ നികുതി നിരക്ക് കുറച്ച് പുന ക്രമീകരിച്ചിട്ടുണ്ട്. അടിസ്ഥാനവിലയിൽ മാസംതോറും നാമമാത്രമായ വർദ്ധനവ്/കുറവ് വരുത്തിയിട്ടുള്ള അവസരത്തിലെല്ലാം നികുതിനിരക്ക് കുറച്ച്/കൂട്ടി പുന ക്രമീകരിക്കുക എന്നത് നികുതിഭരണത്തെ സംബന്ധിച്ചിടത്തോളം പ്രായോഗികമല്ല. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി നിരക്ക് കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിന്റെ നികുതിനിരക്ക് 4 പ്രാവശ്യവും ഡീസലിന്റേത് 2 പ്രാവശ്യവും കുറച്ചിട്ടുണ്ട്. |
| (ഡി) എത്ര രൂപയുടെ കുറവാണ് ഇതുമൂലം നികുതി ഇനത്തിൽ ഉണ്ടായത് ; വിശദാംശം നൽകുമോ ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിന്റെ അടിസ്ഥാനവില വർദ്ധിച്ചപ്പോൾ വിലവർദ്ധനവുമൂലമുണ്ടാകുന്ന അധികവരുമാനം 4 പ്രാവശ്യം വേണ്ടെന്ന് വച്ചുകൊണ്ട് നികുതിനിരക്ക് കുറയ്ക്കുകയുണ്ടായി. 14/5/2011-ന് |

അടിസ്ഥാനവിലയിൽ 5 രൂപ കൂട്ടിയപ്പോൾ സർക്കാരിന് ഒരു മാസം കിട്ടാവുന്ന അധിക റവന്യൂവരുമാനമായ 11 കോടി രൂപയും (പ്രതിവർഷം 132 കോടി), 16/9/2011-ന് അടിസ്ഥാനവിലയിൽ 3.14 രൂപ കൂട്ടിയപ്പോൾ ഒരു മാസം കിട്ടാവുന്ന അധിക വരുമാനമായ 9.08 കോടി രൂപയും (പ്രതിവർഷം 108.96 കോടി), 3/11/2011-ന് 1.82 രൂപ കൂട്ടിയപ്പോൾ പ്രതിമാസം ലഭിക്കാവുന്ന 5.10 കോടി രൂപയും (പ്രതിവർഷം 61.2 കോടി), 24/5/2012-ന് 6.28 രൂപ കൂടിയപ്പോൾ പ്രതിമാസം ലഭിക്കാവുന്ന 22.48 കോടി രൂപയും (പ്രതിവർഷം 269.76 കോടി) ഇപ്രകാരം വേണ്ടെന്ന് വച്ചു.

ഡീസലിന്റെ അടിസ്ഥാനവിലയിൽ വർദ്ധനവ് നടന്നപ്പോൾ വിലവർദ്ധനവുമൂലമുണ്ടാകുന്ന അധികനികുതി വരുമാനം 2 പ്രാവശ്യം നികുതിനിരക്ക് കുറച്ചുകൊണ്ട് വേണ്ടെന്ന് വയ്ക്കുകയുണ്ടായി. 25/6/2011-ന് ഡീസലിന്റെ അടിസ്ഥാനവിലയിൽ 3 രൂപ കൂട്ടിയപ്പോൾ സർക്കാരിന് പ്രതിമാസം കിട്ടാവുന്ന 13.07 കോടി രൂപയും (പ്രതിവർഷം 156.84 കോടി), 14/9/2012-ന് 5 രൂപ കൂട്ടിയപ്പോൾ പ്രതിമാസം ലഭിക്കുമായിരുന്ന 19.95 കോടി രൂപയും (പ്രതിവർഷം 239.4 കോടി) ഇപ്രകാരം വേണ്ടെന്ന് വച്ചു.

സെക്ഷൻ ഓഫീസർ